**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1670** **19-01-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | ഇപ്പോൾ നടപ്പാക്കിവരുന്ന തൊഴിലുറപ്പ് പദ്ധതിയിൽ ഏതൊക്കെ തരം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. I. വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ II. വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഒന്നാം പട്ടികയുടെ ഖണ്ഡിക 5-ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം) III. വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ വ്യവസ്ഥകൾ പ്രകാരമുള്ള സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ IV. വിഭാഗം ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ നഗര പ്രദേശങ്ങളിലെ മേൽ പറഞ്ഞ പ്രവൃത്തികൾക്ക് പുറമേ മാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും, കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കലിനായി സുഭിക്ഷ കേരളം പദ്ധതിയ്ക്ക് കീഴിലുള്ള ഇടപെടലുകൾ തുടങ്ങിയവയും ഏറ്റെടുത്തു വരുന്നു. |
| (ബി) | തൊഴിലുറപ്പിൽ ഇപ്പോൾ നൽകിവരുന്ന കൂലി എത്ര; വ്യക്തമാക്കാമോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലും അവിദഗ്ദ്ധ കായിക തൊഴിലിന് ഇപ്പോൾ നല്കി വരുന്ന കൂലി 291/-രൂപയാണ്. |
| (സി) | തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളായവർക്ക് മിനിമം 100 തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | ഓരോ ഗ്രാമപഞ്ചായത്തിലും ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി തൊഴിൽ നൽകി വരുന്നു. തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 5 കോടി തൊഴിൽദിനങ്ങൾ അധികമായി സൃഷ്ടിക്കുന്നതിന് ആവശ്യമായ 13 കോടി തൊഴിൽദിനങ്ങൾ ഉൾപ്പെട്ട ലേബർ |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റ് തയ്യാറാക്കി സുഭിക്ഷകേരളം, ശുചിത്വ കേരളം പദ്ധതികളുമായി സംയോജിപ്പിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സാഹചര്യം കണക്കിലെടുത്ത് ക്ഷീര കർഷകർ, തീറ്റപ്പുൽ കൃഷി, സുഭിക്ഷ കേരളവുമായി ബന്ധപ്പെട്ട പ്രവർത്തികൾ എന്നിവ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിലൂടെ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് കരുതുന്നു. |
| (ഡി) | ഇവർക്ക് ഇപ്പോൾ പണം അക്കൗണ്ടുകളിലേക്ക് എത്താൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) | തൊഴിലാളികൾക്ക് അക്കൗണ്ടിലേക്ക് പണം നൽകുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായി മസ്റ്റർറോൾ ക്ലോസ് ചെയ്താൽ 8 ദിവസത്തിനുള്ളിൽ ഗ്രാമപഞ്ചായത്തുതലത്തിൽ എഫ്.റ്റി.ഒ ജനറേറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 15 ദിവസത്തിനുള്ളിൽ തൊഴിലാളികളുടെ അക്കൗണ്ടിൽ തുക എത്തുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിനും ആവശ്യമുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി 5 കോടി തൊഴിൽദിനങ്ങൾ അധികമായി സൃഷ്ടിക്കുന്നതിന് ആവശ്യമായ 13 കോടി തൊഴിൽദിനങ്ങൾ ഉൾപ്പെട്ട ലേബർ ബഡ്ജറ്റ് തയ്യാറാക്കി സുഭിക്ഷകേരളം, ശുചിത്വ കേരളം പദ്ധതികളുമായി സംയോജിപ്പിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നഗരസഭകൾക്ക് നൽകുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ വിഹിതം നൽകാൻ എന്തെങ്കിലും തടസ്സം നേരിട്ടു കഴിഞ്ഞാൽ നഗരസഭകൾക്ക് അവരുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പിന്നീട് സർക്കാറിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടി തുക റിക്കുപ്പ് ചെയ്യുന്നതാണ്. എല്ലാ നഗരസഭകളും ഈ നിർദ്ദേശം പാലിച്ച് സമയബന്ധിതമായി തൊഴിലാളികൾക്ക് വേതനം നൽകുവാൻ പരമാവധി ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ